ജലവൈദ്യുത പദ്ധതികൾക്കായുള്ള കേന്ദ്ര അനുമതി

12 (*42) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കാനുണ്ട്. അവ ഏതെല്ലാം ;

(ബി) ഇവ ഏതെല്ലാം കാലഘട്ടത്തിൽ അനുമതിയ്ക്കായി അയച്ചവയാണെന്ന് വ്യക്തമാക്കുമോ ;

(സി) കുരിയാർകുട്ടി പദ്ധതിയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണം എന്ന് ആരംഭിക്കും; എപ്പോൾ പൂർത്തിയാക്കും ;

(ഡി) കെട്ടിക്കിടക്കുന്ന പദ്ധതികളുടെ അനുമതി നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) ;

(എ) ആന്റ് (ബി) 7 ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കാനുണ്ട്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. കുരിയാർകുറ്റി-കാരപ്പാറ പദ്ധതി (84 മെഗാവാട്ട്) ; 30-7-1999-ൽ പരിസ്ഥിതി അനുമതിക്കായി സമർപ്പിച്ചു. 22-12-1999-ൽ കേന്ദ്ര വനം വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചു.

2. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 മെഗാ വാട്ട്) ; 31-5-1999-ൽ പരിസ്ഥിതി അനുമതിക്കായി സമർപ്പിച്ചു.

3. ചെങ്കുളം ആഗ്മെന്റേഷൻ (84 മെഗാ വാട്ട്) ;30-10-1999-ൽ വനം വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചു. 27-1-2000-ൽ ഒന്നാം ഘട്ട അനുമതി ലഭിച്ചു. അന്തിമാനുമതി ലഭിക്കാനുണ്ട്.

4. പൂയംകുട്ടി പദ്ധതി സ്റ്റേജ് - 1 (240 മെഗാ വാട്ട്) ; 1987 മാർച്ചിൽ സമർപ്പിച്ചു. (കേന്ദ്രമന്ത്രാലയം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമുള്ള പഠനം നടന്നു വരുന്നു.

5. മാനന്തവാടി (225 മെഗാ വാട്ട്) ; 1980-ൽ സമർപ്പിച്ചു.

6. കേരള ഭവാനി (150 മെഗാ വാട്ട്) ; 1980-ൽ സമർപ്പിച്ചു.

7. പാമ്പാർ (35 മെഗാ വാട്ട്) ; 1970 -ൽ സമർപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മാനന്തവാടി, കേരള ഭവാനി, പാമ്പാർ എന്നീ പദ്ധതികൾ അന്തർ സംസ്ഥാന ജലവിനിയോഗ തർക്കം പരിഹരിച്ച ശേഷം വീണ്ടും സമർപ്പിക്കുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) അനുമതി ലഭിച്ചിട്ടില്ല.

(ഡി) ഈ പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിലേക്കായി സംസ്ഥാന വൈദ്യുതി മന്ത്രിയും ഉദ്യോഗസ്ഥന്മാരും മുൻകൈയെടുത്ത് പലപ്പോഴും കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് നിവേദനം സമർപ്പിക്കുകയും പദ്ധതികൾ ക്ളിയർ ചെയ്യുന്നതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ചെയ്തു.

ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിന് സെൻട്രൽ വാട്ടർ കമ്മീഷന്റെ അനുവാദം

13 (*43) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിന് സെൻട്രൽ വാട്ടർ കമ്മീഷന്റെ അനുവാദം ആവശ്യമാണോ ;

(ബി) സംസ്ഥാനത്ത് പ്രസ്തുത കമ്മീഷന്റെ അനുവാദം ലഭിക്കാതെ എത്ര ജലസേചന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ;

(സി) ഇപ്പോൾ സംസ്ഥാനത്ത് പണികൾ നടന്നു വരുന്ന എത്ര ജലസേചന പദ്ധതികൾക്ക് പ്രസ്തുത കമ്മീഷന്റെ അനുവാദം ലഭിച്ചിട്ടുണ്ട്. അവ ഏതെല്ലാം ; അനുമതി ലഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണ് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) 17-11-1997-ലെ പ്ളാനിംഗ് കമ്മീഷന്റെ നിർദ്ദേശം അനുസരിച്ച് വൻകിട ജലസേചന പദ്ധതികൾക്കും സംസ്ഥാനാന്തര സ്വഭാവമുള്ള ഇടത്തരം പദ്ധതികൾക്കും, സെൻട്രൽ വാട്ടർ കമ്മീഷന്റെ ശുപാർശ പ്രകാരം (ഇൻവെസ്റ്റ്മെന്റ് ക്ളിയറൻസ്) ആവശ്യമാണ്.

(ബി) സെൻട്രൽ വാട്ടർ കമ്മീഷന്റെ അനുവാദം ലഭ്യമാകുന്നതിനു മുൻപ് 13 ജലസേചന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. അവ താഴെ പറയുന്നു.

1. പഴശ്ശി ജലസേചന പദ്ധതി.
2. കുറ്റ്യാടി ജലസേചന പദ്ധതി.
3. ചിറ്റൂർ പുഴ ജലസേചന പദ്ധതി.
4. കുരിയാർകുറ്റി- കാരപ്പാറ ജലസേചന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly